കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെറുപുഴ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2016-17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

ഇ-മെയിൽ - doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-കെ.എൻ.ആർ./സി.1/1649/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ഫോൺ - 04972-707698
ഇ-മെയിൽ - doknr.ksad@kerala.gov.in
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
തീയ്യതിഃ 02.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന),
ചെറുപുഴ ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം – ചെറുപുഴ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.
*************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടു ത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ – മെയിൽ വഴി)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)
3)കാര്യാലയ പകർപ്പ്.

നം കെ. എസ്. എ. /കെ.എൻ.ആർ./സി.1/1649/2017 തീയതി : 02.11.2017

**കണ്ണൂർ ജില്ലയിലെ ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.12.16 മുതൽ 11.09.17 വരെയുള്ള പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൌണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ നൽകിയ 18 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ ജോൺമനോഹർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.17 മുതൽ 22.09.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. സുധീഷ് എം പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി അന്ന അബ്രഹാം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി ജമീല എം പി | 01.04.16മുതൽ 31.03.17 വരെ |
| സെക്രട്ടറി | ശ്രീ ഒ എം ജോർജ്ജ് | 01.04.16മുതൽ 31.03.17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.ജയരാജൻ നായർ | 01.04.16മുതൽ 31.03.17 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ.മന ശേഖർ | 01.04.16മുതൽ 31.03.17 വരെ |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.വാമനൻ പി | 01.04.16 മുതൽ 15.11.16വരെ |
| | | ശ്രീമതി പ്രസീത കെ കെ പി | 21.11.16 മുതൽ 31.03.17 വരെ<br>(16.11.16 മുതൽ 20.11.16വരെ-ഒഴിവ്) |
| 4 | ഹെഡ് മാസ്റ്റർ | ശ്രീ.ചന്തുക്കുട്ടി വീരച്ചേരി | 01.04.16മുതൽ 31.03.17 വരെ |
| 5 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.മനേഷ് | 01.04.16 മുതൽ 31.03.17വരെ |
| 6 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ലാലി മാണി | 01.04.16 മുതൽ 31.03.17 വരെ |
| 7 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ലൂസി സി ഡി | 01.04.2016മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| | | | |
| 8 | വി.ഇ.ഒ | ശ്രീ.വിവേക് ഭാസ്കർ | 01.04.16മുതൽ 31.03.17വരെ |
| 9 | മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ.ജിബിൽ പി | 01.04.2016മുതൽ 31.03.17 വരെ |

ഉള്ളടക്കം



| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക ലഭിച്ചതിന്റെ വിവരങ്ങൾ |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |

| | | |
|---|---|---|
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ |
| 11 | 1-11 | ഗ്രാമസഭ |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | തൊഴിൽ നികുതി - അപാകങ്ങൾ |
| 14 | 2-2 | ഡി & ഒ ലൈസൻസ് ഫീസ് പിരിവ് - അപാകങ്ങൾ |
| 15 | 2-3 | റോഡ് കട്ടിംഗ് ചാർജ്ജ് - യൂസർഫീസ് ഈടാക്കാത്തതും മറ്റ് അപാകങ്ങളും |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 16 | 3-1 | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് മുമ്പ് തിരുമേനി പകൽ വീടിന് ടി വി വാങ്ങിയത്- 37800രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |
| 17 | 3-2 | തെരുവു വിളക്ക്- സംയോജിത പരിശോധന നടത്തിയിട്ടില്ല |
| 18 | 3-3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ |
| 19 | 3-4 | ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- അപാകങ്ങൾ |
| 20 | 3-5 | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി- അനുവദനീയമായതിൽ അധികം തുക മുൻകൂർ നല്കി |
| 21 | 3-6 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല-174895രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു |

| | | |
|---|---|---|
| 22 | 3-7 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത്- തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് |
| 23 | 3-8 | പഠന നിലവാരം ഉയർത്തൽ - അനുവദനീയമല്ലാത്ത ഇനങ്ങൾക്ക് വികസന ഫണ്ട് ചെലവഴിച്ചത്- 14265രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു |
| 24 | 3-9 | ജലനിധി പദ്ധതി |
| 25 | 3-10 | ശാരീരിക മാനസീക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അധിക തുക നല്കിയത്- 4050രൂപയുടെ ചെലവ് നിരാകരിക്കുന്നു |
| 26 | 3-11 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കാത്തത് |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 36 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 377 | 4-2 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നല്കിയ ഫണ്ട് വിനിയോഗം |
| 3 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം |
| 39 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 40 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദവിവരം |
| 43 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | | |
|---|---|---|
| 44 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരങ്ങൾ |
| 45 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 46 | അനുബന്ധം2 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 47 | അനുബന്ധം3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 48 | അനുബന്ധം4 | ബാലൻസ് ഷീറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 01.03.16 തിയതിയിലെ 77/16 തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 38303493 |
| വരവ് | 186896640 |
| ആകെ | 225200133 |
| ചെലവ് | 177022197 |
| നീക്കിയിരിപ്പ് | 48177936 |

ബജറ്റ് ഫങ്ഷൻ ഫങ്ഷണറി അടിസ്ഥാനത്തിലല്ല തയ്യാറാക്കിയിട്ടുള്ളത്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.17 | 13.06.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | തരം |
|---|---|---|---|
| 2016-17 | 19.09.17 | കെഎസ്എ കെഎൻആർ സി.1/1649/2017 തീ. 02.11.2017 | വിശേഷണങ്ങളോടു കൂടിയത് |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

(a)വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1.ആസ്തിയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിയിട്ടില്ല.

2.സംയോജിത പദ്ധതികൾക്കായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് മുൻ വർഷങ്ങളിൽ ലഭിച്ചതുൾപ്പെടെയുള്ള തുകയിൽ ബാക്കിവന്ന തുക അതാത് സാമ്പത്തിക വർഷാവസാനം തിരിച്ചടക്കാതെ നീക്കിയിരിപ്പായി കാണിച്ചത് ശരിയല്ല. സംയോജിത പദ്ധതികൾക്കുള്ള ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാത്തത് ശരിയല്ല

| ക്രമ നമ്പർ | കോഡ് നമ്പർ | തുക | ലഭിച്ച വർഷം | വിശദാംശം |
|---|---|---|---|---|
| 1 | 320700305 | 21,146 | 2012-13 | ശ്മശാനം ചുറ്റുമതിൽ -SCDO-ജില്ലാപഞ്ചായത്ത് വിഹിതം(160000രൂപയിൽ ബാക്കിയുള്ള തുക) |
| 2 | 320700205 | 12,65,000 | 2015-16 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് നല്കാൻ ജില്ലാപഞ്ചായത്ത് വിഹിതം |
| 3 | 320700204 | 1,51,650 | 2015-16-1650<br>2016-17 -150000 | ഭിന്നശേഷിയുള്ളവർക്കുള്ള സ്കോളർഷിപ്പ് ജില്ലാപഞ്ചായത്തിൽ നിന്ന് ലഭിച്ച 280000രൂപയിൽ വിനിയോഗിക്കാതെ |

| | | | | |
|---|---|---|---|---|
| | | | | അവശേഷിക്കുന്ന 1650 രൂപയും പാലിയേറ്റീവ് കെയർ പദ്ധതിക്കായി 2016-17-ൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതവും.ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുകയിലെ നീക്കിയിരിപ്പായ 1650രൂപ ബ്ലോക്ക് നീക്കിയിരിപ്പായി ചേർത്തതും അപാകമാണ്. |

4.താഴെ പറയുന്ന ബേങ്ക് അക്കൌണ്ടുകളിലെ നീക്കി ബാക്കി തുകകൾ പാസ് ബുക്കുമായി യോജിക്കുന്നില്ല.

| അക്കൌണ്ടിന്റെ വിവരങ്ങൾ | എ.എഫ്.എസ്. പ്രകാരം തുക | | പാസ് ബുക്കിലെ തുക |
|---|---|---|---|
| ജില്ലാ സഹകരണ ബേങ്ക് -തനത് ഫണ്ട്-1344 | 1,17,50,871 | | 11746871 |
| ദുരിതാശ്വാസ നിധി | ബി.2-27531 | ബി.17-25431 | 22871 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | ബി.4-1387.27 | ബി.17-1386.27 | 1386.70 (രജിസ്റ്റർ പ്രകാരം) |

റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകൾ ഹാജരാക്കിയിട്ടില്ല

5.ബാലൻസ് ഷീറ്റ് ബി.5 ഷെഡ്യൂൾ പ്രകാരം ഇ.എം.എസ്.ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 20,35,134 രൂപയും ബി.16 ഷെഡ്യൂളിൽ പ്രീ പെയ്ഡ് പ്രോഗ്രാം എക്സ്പെൻസസ് 18,02,634 രൂപയുമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല

6.സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ഇനത്തിൽ 3,60,000 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ വരവു ചെലവുകൾ രേഖപ്പെടുത്തിയിട്ടില്ല.

7.ബാലൻസ് ഷീറ്റിൽ ബി.9 ഷെഡ്യൂളിൽ Advance collection revenues ആയി കാണിച്ചിട്ടുള്ള തുകകൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

8.B-7,RP-34 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ വിവിധ ഹെഡുകളിലുള്ള ഡെപ്പോസിറ്റ് വിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഇതേ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

9.കാനം വയൽ എസ്.ടി.കോളനി ബ്രിഡ്ജ് നിർമ്മാണത്തിനായി ITDP Project Officer, Kannur-(കോർപ്പസ് ഫണ്ട്) ൽ നിന്ന് 2014-15 ൽ ലഭിച്ച 1,50,00,000രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. പ്രസ്തുത വർഷം ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ന് നല്കുന്നതിനായി ഈ തുക 23/03/15,24 /03/15 തീയതികളിലായി വി പി എഫ് എ 1 ൽ നിന്ന് പിൻവലിച്ചിട്ടുണ്ടെങ്കിലും സർക്കാർ നിർദ്ദേശങ്ങൾ അനുവദിക്കാത്തതിനാൽ തുക കൈമാറാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് തുക തിരികെ 2015-16 സാമ്പത്തിക വർഷം അക്കൌണ്ട് ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പായി ബി 4 ഷെഡ്യൂളിൽ പ്രസ്തുത തുക രേഖപ്പെടുത്താത്തത് അപാകമാണ്

10.കാനം വയൽ എസ്.ടി.കോളനി കമ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി ITDP Project Officer, Kannur-(കോർപ്പസ് ഫണ്ട്) ൽ നിന്ന് ലഭ്യമായ 30,00,000രൂപ നാളിതുവരെ വിനിയോഗിച്ചിട്ടില്ല . ITDP Project Officer ടെ 18/07/16 ലെ സി-2399/14(3) കത്തിൽ തുക വിനിയോഗിച്ചിട്ടില്ലെന്നും എഗ്രിമെന്റ് കാലാവധി 31.03.16 ന് അവസാനിക്കുന്നതായി അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ നാളിതുവരെ ആരംഭിച്ചിട്ടില്ല.

11. B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 6,11,877രൂപ ഒടുക്കാൻ ബാക്കിയുണ്ട് . തുക യഥാസമയം ഒടുക്കാത്തത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്

15.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ,അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാക്കിയിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യപത്രികയിലെ ഇതുമായി ബന്ധപ്പെട്ട രേഖപ്പെടുത്തലുകൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

16. വാർഷിക സ്റ്റോക്ക് പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

17.ബജറ്റ് തയ്യാറാക്കിയത് ഫങ്ഷൻ ഫങ്ഷനറി അടിസ്ഥാനത്തിലല്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33,209,309.23 |
| വരവ് | 7,68,92,928.00 |
| ആകെ | 11,01,02,237.23 |
| ചെലവ് | 6,54,26,540.00 |
| നീക്കിയിരിപ്പ് | 4,46,75,697.23 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട് മെന്റ് | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21443257 | 21443257 | 15134226 | 6309031 | 0 | 70.58 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4967232 | 4967232 | 4515609 | 451623 | 0 | 90.91 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 9316041 | 9316041 | 4090798 | 5225243 | 0 | 43.91 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 5681022 | 5681022 | 3484221 | 2196801 | 0 | 61.33 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10297936 | 10297936 | 2574600 | 772336 | 0 | 25 |
| പെർഫോ മൻസ് ഗ്രാന്റ്-സ്റ്റേറ്റ് ഷെയർ | 0 | 1655187 | 1655187 | -- | 1655187 | 0 | 0 |
| ,,-സെൻട്രൽ ഷെയർ | 0 | 4765561 | 4765561 | 978197 | 3787364 | 0 | 20.53 |
| ബി ഫണ്ട് | 0 | 49701920 | 49701920 | 49701920 | -- | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 347011 | 430000 (വരവ്) | 777011 | 280000 | -- | 497011 | 36.04 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1081073 | --- | 1081073 | -- | -- | 1081073 | 0 |

ജി.ഒ(പി)177/06 ഫിൻ തീ.12.04.2006 ധനവിനിയോഗ നടപടിക്രമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ജി.ഒ(പി)400/14 ഫിൻ തീ.19.09.2014, ജി.ഒ(പി)119/15 ഫിൻ തീ.21.03.2015,ജി.ഒ(പി)419/15 ഫിൻ തീ.19.09.2015 എന്നിവ പ്രകാരം ഉത്തരവാകുകയും സഞ്ചിതനിധിയിൽ നിന്നും പബ്ലിക് അക്കൌണ്ടിലേക്ക് ഫണ്ട് മാറ്റി നൽകുന്ന സമ്പ്രദായം 2015-16വർഷം മുതൽ നിർത്തൽ ചെയ്യുകയും ചെയ്തു.ഇതനുസരിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകും.ഇപ്രകാരം ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ബാക്കിയായ ഫണ്ടുകൾ ഇതുവരെയായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സർക്കാർ തിരികെ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി ഈ തുക നഷ്ടപ്പെട്ടിരിക്കുകയാണ്.

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതുകൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഫണ്ടുവിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതായുണ്ട്.ആയതിനാൽ ഈ വിഷയത്തിൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കുന്നതിന് കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്തേണ്ടതാണ്.ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 203 | 88485958 | 148 | 34347635 | 72 | 76 | 55 | 37.44 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 4 | 4 | 4787792 | 4486220 | 93.7 |
| 2 | വെറ്ററിനറി സർജൻ | 6 | 6 | 5060711 | 2511444 | 49.63 |
| 3 | മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 5 | 5 | 2000000 | 1846554 | 92.33 |
| 4 | വി ഇ ഒ | 7 | 7 | 3382500 | 2350025 | 69.48 |
| 5 | ഹെഡ് മാസ്റ്റർ | 3 | 3 | 992882 | 959497 | 96.64 |
| 6 | ഐസിഡിഎസ് സൂപ്പർവൈസർ | 5 | 4 | 5188225 | 4595433 | 88.57 |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | 142 | 95 | 55734565 | 9630013 | 17.28 |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 13 | 4610500 | 4004342 | 86.85 |
| 9 | സെക്രട്ടറി | 16 | 10 | 5898783 | 3134107 | 53.13 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1 | 830000 | 830000 | 100 |
| | ആകെ | 203 | 148 | 88485958 | 34347635 | 38.82 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയുംപ്രകാരം 37.65 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6003796 | 7054961 | 1051165 | 17.51 |
| നികുതിയേതര വരവുകൾ | 1805376 | 3694574 | 1889198 | 104.6 |
| ആകെ | 7809172 | 10749535 | 2940363 | 37.65 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 131160 | 153 |
| കർഷകതൊഴിലാളി പെൻഷൻ | 8092140 | 866 |
| വിധവാപെൻഷൻ | 11113400 | 972 |
| വാർദ്ധക്യകാലപെൻഷൻ | 26550000 | 2642 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3316300 | 358 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകർക്കുള്ള പെൻഷൻ | 440400 | 48 |
| വിവാഹ ധനസഹായം | 360000 | 12 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.17 ന് രാവിലെ 11 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22,111രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.04.17മുതൽ 25.04.17വരെ | 01.01.17 മുതൽ 31.03.17വരെ | 26.08.17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02-02-2011 മുതൽ 17-02-2011 വരെ | 01-04-2005 മുതൽ 2009-10 വരെ | 16.04.2011 |

## 1-11 ഗ്രാമ സഭ

ചെറുപുഴ ഗ്രാമപഞ്ചായത്തിൽ 19 അംഗ ഭരണസമിതിയാണ് നിലവിലുള്ളത്. ഗ്രാമസഭ 2016-17 വർഷത്തിൽ ആകെ രണ്ട് തവണ മാത്രമാണ് യോഗം ചേർന്നത്. (ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിൽ) ഗ്രാമസഭകളിൽ നല്ല സ്ത്രീ പങ്കാളിത്തം ഉണ്ട്. ആദ്യ യോഗത്തിൽ കഴിഞ്ഞ വർഷത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, തൊഴിലുറപ്പ് വാർഡ് തല വിജിലൻസ് സെൽ രൂപീകരണം, ആക്ഷൻ പ്ലാൻ. ലേബർ ബഡ്ജറ്റ് അംഗീകരിക്കൽ, പി.എം.എ.വൈ.ലിസ്റ്റ് അംഗീകരിക്കൽ തുടങ്ങിയവയായിരുന്ന പ്രധാനമായും ചർച്ച ചെയ്തത്. ഒക്ടോബർ മാസം നടന്ന യോഗത്തിൽ പ്രധാനമായും ചർച്ച ചെയ്തത് വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ അംഗീകരിക്കൽ, തെളിമ പദ്ധതി, സമ്പൂർണ്ണ വൈദ്യതികരണം തുടങ്ങിയവയാണ്.

അധികാരം ജനങ്ങളിലേക്ക് എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ അന്തസത്ത.

ജനങ്ങൾ നിർദ്ദേശിക്കുന്ന ആശയങ്ങൾ സമാഹരിച്ചുകൊണ്ട് ഗ്രാമസഭകളിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിലൂടെ സമൂഹത്തിലെ ഏറ്റവും കൂടുതൽ അർഹരായവർക്ക് സർക്കാർ ധനസഹായങ്ങൾ എത്തിക്കുകയും ജനങ്ങൾ നിർദ്ദേശിക്കുന്ന മേഖലകളിൽ പദ്ധതികൾ തയ്യാറാക്കിക്കൊണ്ട് വിവിധ ഘട്ടങ്ങളിലായി വികസനം സാധ്യമാക്കുക എന്ന വിശാലമായ ലക്ഷ്യമാണ് ഗ്രാമസഭകൾക്ക് നിർവ്വഹിക്കാനുള്ളത്. അതുകൊണ്ടു തന്നെ ഇത്തരത്തിലുള്ള നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരാൻ കഴിവുള്ള വോട്ടർമാർ ഓരോ ഗ്രാമസഭയിലും പങ്കെടുക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് എല്ലാവർക്കും സൌകര്യപ്രദമാകുന്ന തീയതികളിൽ ഗ്രാമസഭകൾ സംഘടിപ്പിക്കുകയും ഗ്രാമസഭകളുടെ ജനാധിപത്യ സ്വഭാവവും ഉദ്ദേശ്യലക്ഷ്യങ്ങളും ഉയർത്തിപ്പിടിക്കുന്നുണ്ടോ എന്ന് അതാത് വാർഡ് മെമ്പർമാർ വിലയിരുത്തേണ്ടതാണ്

ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തീയതികൾ തീരുമാനിച്ച് പ്രസിദ്ധപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകങ്ങൾ

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓഡിറ്റ് വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്നു കണ്ടു.

1.ചെറുപുഴ സഹകരണ ആശുപത്രി

2.നിത്യ ചൈതന്യ ഡെന്റൽ ക്ലിനിക്ക്

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽ നികുതിയും ടേൺഓവർ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ നികുതിക്ക് വിധേയരാണെങ്കിൽ സ്ഥാപന തൊഴിൽ നികുതിയും ഈടാക്കേണ്ടതാണ്

ട്രെയ്ഡേഴ്സ് ലിസ്റ്റ് പരിശോധിച്ച് മുഴുവൻ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നല്കേണ്ടതും തൊഴിൽ നികുതി പരിധിയിൽ വരുന്നുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ് ഫീസ് പിരിവ്- അപാകങ്ങൾ

1.ട്രെയ്ഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ല

2016-2017 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം ചെറുപുഴ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1067 വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഡി ആൻഡ് ഓ ലൈസൻസ് ഡിമാൻഡ് രജിസ്റ്റർ പ്രകാരം 780 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിന് അപേക്ഷ നൽകിയിരിക്കുന്നത്. ബാക്കിയുള്ള 287 സ്ഥാപനങ്ങൾ ഡി ആൻഡ് ഓ ലൈസൻസ് ചട്ടങ്ങൾക്ക് വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. ലൈസൻസെടുക്കാതെ പ്രവർത്തിച്ച

സ്ഥാപനങ്ങളിൽ നിന്നും ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2.ചട്ടം അനുശാസിക്കുന്ന നിരക്കിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങൾ, ചട്ടം7 പ്രകാരം ഈടാക്കേണ്ടുന്ന(പട്ടിക 2) നിരക്കിലല്ല താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ഡി ആൻഡ് ഓ ലൈസൻസ് ഫീ ഈടാക്കിയിട്ടുള്ളത് . കുറവ് വന്ന തുക ഈടാക്കേണ്ടതാണ്. കുറവ് വന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഉടമയുടെ പേര് | തൊഴിൽ | വാർഡ്/ കെട്ടിട നം. | ദിവസേന യുള്ള വിറ്റുവരവ് | ഈടാക്കിയ തുക | റസീറ്റ് നമ്പർ തീയതി | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | തോമസ് ജോസഫ് | സ്വർണ്ണാഭരണ കച്ചവടം | 2/981, 982 | 1,00,000 | 500 | 11503104414<br>8/2/16 | 2000 | 1500 |
| 2 | റോസി ജോസഫ് | പെട്രോളിയം ഉൽപന്നങ്ങൾ | 2/1392 | 50000 | 500 | 11503104944<br>26/2/16 | 1000 | 500 |
| 3 | എം.ടി.സി അബ്ദുൾ ജബ്ബാർ | സ്റ്റേഷനറി സാധനങ്ങൾ വിൽപന | 2/1201 | 30000 | 300 | 11503105000<br>27/2/16 | 1000 | 700 |
| 4 | അഭിലാഷ് എ.റ്റി | കോഴിത്തീറ്റ വിൽപന | 2/464 | 25000 | 200 | 11503104983<br>27/2/16 | 500 | 300 |
| 5 | ജോജോ തോമസ് | മലഞ്ചരക്ക് വ്യാപാരം | 3/37A2 | 20000 | 200 | 25820135<br>29/2/16 | 500 | 300 |
| 6 | സാംസൺ ജോർജ് | ടെക്സ്റ്റയിൽസ് ആൻഡ് റെഡി | 2/1558 | 50000 | 300 | 11503105056<br>29/2/16 | 1000 | 700 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | മെയ്ഡ്സ് | | | | | | |
| 7 | ബിജു കെ.വി. | മോട്ടോർ സൈക്കിൾ വിൽപന, സർവീസ് | 2/1431,1430 | 50000 | 300 | 11603100116 6/4/16 | 1000 | 700 |
| | | | ആകെ | | | | | 4700 |

3. സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഇവ പ്രവർത്തിക്കുന്നത് ഡി & ഒ ലൈസൻസില്ലാതെ

കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ)ചട്ടങ്ങൾ ,ചട്ടം 3 പട്ടിക 1 പ്രകാരം(ക്രമനമ്പർ 142,143,149) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ് എടുക്കേണ്ടതുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് ഫീ ഒടുക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | ഉടമസ്ഥന്റെ പേര് | ഹോസ്പിറ്റൽ രജിസ്ട്രേഷൻ എടുത്ത തിയതി |
|---|---|---|
| സിനി മെമ്മോറിൽ ഡെന്റൽ ക്ലിനിക്ക്, ചെറുപുഴ | ഡോ. സാജൻ ജോസഫ് | 8.4.16 |
| യൂണിറ്റി ഡെന്റൽ ക്ലിനിക്ക്,ചെറുപുഴ | ഡോ.മുഹമ്മദ് നിബാസ് | 12.4.16 |
| സെന്റ്. സെബാസാറ്റ്യൻസ് ഹോസ്പിറ്റൽസ്, ചെറുപുഴ | സി.ലിഖിത( അഡ്മിനിസ്ട്രേറ്റർ) | 25.4.16 |
| കെ.കരുണാകരൻ മെമ്മോറിൽ പോളി ക്ലിനിക്ക്,ചെറുപുഴ | അഡ്മിനിസ്ട്രേറ്റർ | 2.6.16 |
| ഇലവുങ്കൽ ഡയബറ്റീസ് സെന്റർ &സർട്ടിഫൈഡ് ഡയബറ്റീസ് എഡ്യുക്കേറ്റർ ട്രയിനിംഗ് സെന്റർ | ജയിസൺ ജോസഫ് | 7.7.16 |

| | | |
|---|---|---|
| ആഞ്ജനേയം ആയുർവേദ ഹോസ്പിറ്റൽ,ചെറുപുഴ | ഡോ.സനൽ എം.സി | 25.10.16 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളും ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത് എന്നാണ് രജിസ്റ്ററിൽ നിന്ന് വ്യക്തമാകുന്നത്.

ലൈസൻസില്ലാതെ സ്ഥാപനങ്ങളെ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അത്തരം സ്ഥാപനങ്ങളിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് 255-ാം വകുപ്പ് പ്രകാരമുള്ള പിഴ ഈടാക്കേണ്ടതുമാണ്.

4. ഗ്രാമപഞ്ചായത്ത് തലത്തിൽ ബാധകമാക്കേണ്ടുന്ന നിരക്കുകൾ സംബന്ധിച്ച് ബൈലോ തയ്യാറാക്കിയതായി കാണുന്നില്ല. ബൈലോ തയ്യാറാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-3 റോഡ് കട്ടിംഗ് ചാർജ്ജ്- യൂസർഫീസ് ഈടാക്കാത്തതും മറ്റ് അപാകങ്ങളും

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റോഡുകൾ മുറിച്ച് മൊബൈൽ കമ്പനികൾക്ക് കേബിൾ ഇടുന്നതിന് ഗ്രാമപഞ്ചായത്ത് അനുമതി നല്കി വരുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സ്ഥലം ഉപയോഗിക്കുന്നതിനുള്ള യൂസർ ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

റോഡ് കട്ടിംഗ് - റോഡ് റസ്റ്റൊറേഷൻ ചാർജ്ജായി റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് താഴെ പറയും പ്രകാരം തുക ഒടുക്കിയിട്ടുണ്ട്.

കോഴിച്ചാൽ ജങ്ഷൻ മുതൽ താബോർ പള്ളി വരെയുള്ള റോഡ് 5km 505036രൂ

പ്രസ്തുത തുക റോഡ് റസ്റ്റോറേഷൻ ചാർജ്ജിനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിശ്ചയിച്ച നിരക്ക് മാത്രമാണ്. സ്ഥാപനത്തിൽ നിന്ന് മീറ്ററിന് 50രൂപ നിരക്കിൽ ബാങ്ക് ഗ്യാരണ്ടി ഈടാക്കാത്തതും വിവരസാങ്കേതിക വകുപ്പിൽ നിന്ന് കേബിൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്താത്തതും അപാകമാണ്. വിവരസാങ്കേതിക വകുപ്പിൽ കിലോമീറ്ററിന് 75000രൂപ നിരക്കിൽ തുക ഒടുക്കി എഗ്രിമെന്റ് ഒപ്പിട്ട ശേഷം മാത്രമേ സ്വകാര്യ കമ്പനികൾക്ക് ഒഎഫ് സി സ്ഥാപിക്കുന്നതിനുള്ള ആർ ഒ ഡബ്ല്യൂ(Right of Way) അനുമതി ലഭിക്കുകയുള്ളൂ എന്നതിനാലും പ്രസ്തുത അനുമതിയില്ലാതെ ഈ ആവശ്യത്തിനായി റോഡ് മുറിക്കുന്നതിനുള്ള അനുമതി നല്കാവുന്നതല്ലെന്നതിനാലും നടപടിക്രമങ്ങളിൽ വീഴ്ച്ച വന്നതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇതു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് . (GO(MS)12/2012/ITD 07.08.12, GO(MS)39/2015/ITD 15.09.15, GO(MS)11/2017/ITD 30.05.17 ഇവ കാണുക).

കൂടാതെ റോഡ് റിസ്റ്റോറേഷൻ ചാർജ്ജ് കണക്കാക്കേണ്ടത് MoRTH സ്പെസിഫിക്കേഷൻ അടിസ്ഥാനമാക്കിയാണെന്നും റോഡ് സൈഡ് ശരിയായ രീതിയിൽ അമർത്തി പൂർവ്വസ്ഥിതിയിലാക്കിയെന്ന സാങ്കേതിക വിഭാഗത്തിന്റെ സർട്ടിഫിക്കറ്റ് ഹാജരാകുന്ന മുറക്ക് മാത്രമേ ബാങ്ക് ഗ്യാരണ്ടി തിരികെ നല്കാവൂ എന്നും റോഡിന്റെ ഭാഗം ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനത്തിന് വാടക/ യൂസർചാർജ്ജ് നിശ്ചയിക്കാവുന്നതാണെന്നും പ്രസ്തുത

ഉത്തരവുകളിൽ നിർദ്ദേശമുണ്ട്. എന്നാൽ ആയവ പാലിക്കപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിന് മുമ്പ് തിരുമേനി പകൽ വീടിന് ടി വി വാങ്ങിയത് - 37800രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

പ്രോജക്ട് നമ്പർ 179/17,തിരുമേനി പകൽ വീടിന് ഫർണ്ണിച്ചർ, ടിവി വാങ്ങൽ

അടങ്കൽ 1,38,000,വികസന ഫണ്ട് - ജനറൽ

26/16-17 31.03.17 37,800രൂ

തിരുമേനി പകൽ വീടിന്റെ വയറിംഗ് പൂർത്തിയാകുന്നത് 2017-18 സാമ്പത്തിക വർഷം മാത്രമാണ്. നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിന് മുമ്പ് ടിവി വാങ്ങുന്നതിന് പദ്ധതിപ്പണം ചെലവഴിച്ചത് ശരിയായ നടപടിയല്ല. 37,800രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

## 3-2 തെരുവുവിളക്ക് - സംയോജിത പരിശോധന നടന്നിട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രതിമാസം 31,419രൂപ നിരക്കിൽ തെരുവു വിളക്ക് വൈദ്യുതി ചാർജ്ജ് കെ എസ് ഇ ബിയിൽ ഒടുക്കി വരുന്നുണ്ടെങ്കിലും ഇതു സംബന്ധിച്ച രേഖകൾ കൃത്യമല്ല. ഏതൊക്കെ തരത്തിലുള്ള എത്ര തെരുവു വിളക്കുകൾ വീതമുണ്ടെന്നും എത്രയെണ്ണം പ്രവർത്തന ക്ഷമമാണെന്നും തെരുവു വിളക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കെഎസ്ഇബിയുമായി ചേർന്ന് സംയോജിത പരിശോധന നടത്താത്തതും അപാകമാണ്.

കെഎസ് ഇബിയുമായി ചേർന്ന് സംയോജിത പരിശോധന നടത്തി യഥാർത്ഥത്തിൽ പ്രവർത്തനക്ഷമമായ തെരുവുവിളക്കുകൾക്ക് ബാധകമായ നിരക്കിൽ മാത്രം വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് . മീറ്ററിംഗ് പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളും ഉണ്ടാകേണ്ടതുണ്ട് .

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| ക്രമ നം | പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ/ വൌച്ചർ നമ്പർ |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | തീയതി |
| 1 | തെരുവുനായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനുള്ള ജില്ലാ പഞ്ചായത്ത് പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ 180/17 | സെക്രട്ടറി | 180/17 | 100000 വികസന ഫണ്ട് | കണ്ണൂർജില്ലാ പഞ്ചായത്ത് | 100000 | 20/16-17 14.03.17 |
| 2 | കാനംവയൽ ബ്രിഡ്ജ് നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ ചാർജ്ജ് | ,, | പദ്ധതി തയ്യാറാക്കിയിട്ടില്ല | | കണ്ണൂർ ഗവ.എഞ്ചിനീയറിംഗ് കോളേജ് | 100000 | 21601353 30.03.17 |
| 3 | ജലനിധി പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം നൽകൽ | ,, | 217/17 | 500000 വികസന ഫണ്ട് | ജലനിധി ഫണ്ട്(ടി സി) | 500000 | 16/16-17 7.03.17 |
| 4 | മീന്തുള്ളി റവന്യൂ പാലം | | | 100000 ഗുണഭോക്തൃ വിഹിതം | റിവർ മാനേജ്മെന്റ് ഫണ്ട്,കണ്ണൂർ | 100000 | 21601029 07.02.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | നിർമ്മാണത്തിന് ഗ്രാമ പഞ്ചായത്ത് വിഹിതം നല്കൽ | | | | | | |
| | | | 181/17 | 700000 തനത് ഫണ്ട് | ,, | 699000 | 21601030 07.02.17 |
| 5 | പി എം എ വൈ ഭവന വിഹിതം ST | അസിസ്റ്റന്റ് സെക്രട്ടറി | 24/17 | 715000 വികസന ഫണ്ട് എസ് സി പി | സെക്രട്ടറി, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 715000 | 21/28.02.17 |
| 6 | ഐ.എ.വൈ പദ്ധതിക്ക് ഗ്രാമ പഞ്ചായത്ത് വിഹിതം .നല്കൽ-ST | ,, | 200/17 | 500000 (467732- വികസന ഫണ്ട് എസ് സി പി, 32268 തനത് ഫണ്ട്) | ,, | 500000 | 467732 രൂപ direct transfer 32268രൂ ചെക്ക് നമ്പർ 8395 /23.02.17 |
| 7 | പി എം എ വൈ അധിക വിഹിതംSC | ,, | 25/17 | 60000 വികസന ഫണ്ട് എസ് സി പി | ,, | 60000 | 23/21.02.17 |
| 8 | കന്നുകുട്ടി | വെറ്റിനറി | 152/17 | 500000 | ഡെപ്യൂട്ടി | 500000 | 4/20.03.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പരിപാലന പദ്ധതി | സർജൻ | | വികസന ഫണ്ട് | ഡയറക്ടർ എസ് എൽ ബി പി | | |
| 9 | പി എം എ വൈ വിഹിതം, ജനറൽ | വി ഇ ഒ | 184/17 | 180000 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | 180000 | 10/7.03.17<br>160000<br>11/07.03.17<br>20000<br>(100000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്) |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

## 3-4 ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം- അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

പ്രൊജക്ട് നമ്പർ : 70 /17

പ്രൊജക്ടിന്റെ പേര് :ഹൈസ്കൂൾ ക്ലാസിൽ പഠിക്കുന്ന എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം

അടങ്കൽ : 76,068

വികസന ഫണ്ട് (SCP) : 76,068

ബിൽ നം./ തീയതി :32/14.3.17 76,068രൂ

മേൽപദ്ധതിക്കായി ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സഫാരി ട്രേഡിംഗ് കമ്പനി മലപ്പുറത്തു നിന്നും 18 സൈക്കിളുകൾ വാങ്ങുകയും ചെയ്തു. (ഇൻവോയ്സ് നമ്പർ-55/9.3.17) ഇവ 18 എസ്.സി.വിദ്ധ്യാർത്ഥികൾക്ക് വിതരണം ചെയ്തു. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കാണുന്നു.

1സ.ഉ.(എം.എസ്.)4/2016ത.സ്വ.ഭ.വ. തീ. 11.01.16, ഖണ്ഡിക 6.8 പ്രകാരം എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടപ്പാക്കുമ്പോൾ സ്കൂൾ അധികൃതർ മുഖേന ലിസ്റ്റ് ലഭ്യമാക്കുകയും വിതരണം ചെയ്യുകയും ചെയ്യണം. എന്നാൽ പഞ്ചായത്തിൽ നിന്നും ഇവ

നേരിട്ടാണ് നല്കിയിട്ടുണ്ടത്.

2.താഴെ പറയുന്ന കുട്ടികൾക്ക് എസ്.സി. ഡിപ്പാർട്ട്മെന്റ് മുഖേന സൈക്കിൾ ലഭ്യമാക്കിയില്ല എന്ന സാക്ഷ്യപത്രം വച്ചിട്ടില്ല.

1.എ.വിഷ്ണു അശോക്.

2.ബി.നിതിൻ.വി.

3.സി.രാഹുൽ.ടി.കെ.

4.ഡി.പൃഥ്വിരാജ്.പി.

5.ഇ.അർജ്ജുൻദാസ്.എം.

6.എഫ്.അഞ്ജലി മധു.

7.ജി.നന്ദന.പി

8.എച്ച്.അശ്വതി.പി.ടി.

9.ഐ.നമിത വിജയൻ

10.ജെ.അഷിത.ടി.

ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് എൻക്വയറി നം. 11/16-17 തീയ്യതി:18.9.2017 ന് സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നല്കിയ അപേക്ഷയിലെ മുഴുവൻ പേരുകളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപെടാതെ പോയതാണെന്നും ബാക്കിയുള്ളവരുടേത് എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. അതു പോലെ ഗ്രാമസഭ തെരഞ്ഞെടുത്ത ലിസ്റ്റ് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ശേഷമാണ് ആനുകൂല്യം നല്കിയതെന്നും അറിയിച്ചു.

മേൽ പറഞ്ഞ വിദ്യാർത്ഥികൾക്ക് എസ്.സി.ഡിപ്പാർട്ട്മെന്റ് മുഖേന സൈക്കിൾ ലഭ്യമാക്കിയില്ല എന്ന സാക്ഷ്യപത്രം എത്രയും പെട്ടെന്ന് ലഭ്യമാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി - അനുവദനീയമായതിലുംഅധികം തുക മുൻകൂർ നല്കി

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റൻറ് സെക്രട്ടറി

1.പ്രൊജക്ട് നമ്പർ : 153 /17

പ്രൊജക്ടിന്റെ പേര് : പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന മുറി

അടങ്കൽ : 12,00,000

വികസന ഫണ്ട് (SCP) : 12,00,000

